# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.25/PR/PIC/PHQ/18 Date : 08.02.2018

---

## ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ എല്ലാ ജില്ലയിലും വരുന്നു

പോലീസ് സ്റ്റേഷനുകൾ കൂടുതൽ ശിശുസൗഹൃദപരമാക്കുന്നതിനും കുട്ടികളെ പോലീസ് സംവിധാനവുമായി കൂടുതൽ അടുപ്പിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസിലാക്കി ഇടപെടുന്നതിനും ലക്ഷ്യമിട്ട് കേരള പോലീസിന്റെ 'ചിൽഡ്രൻ ആന്റ് പോലീസ്'(CAP) പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമാവുന്നു. ഇതിന്റെ ഭാഗമായി എല്ലാ പോലീസ് ജില്ലയിലും ശിശുസൗഹൃദ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ നിർദ്ദേശം നൽകി. തുടക്കമെന്ന നിലയിൽ ഓരോ പോലീസ് ജില്ലയിലും ഒരു സ്റ്റഷനിൽ പദ്ധതി ആരംഭിക്കും. നിലവിൽ ഫോർട്ട്, കൊല്ലം ഈസ്റ്റ്, കടവന്ത്ര, തൃശൂർ ടൗൺ ഈസ്റ്റ്, കോഴിക്കോട് ടൗൺ, കണ്ണൂർ ടൗൺ എന്നീ സ്റ്റേഷനുകളിൽ ശിശുസൗഹൃദ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കുട്ടികൾക്കുവേണ്ടി നിരവധി പരിപാടികൾ ഇതിനകംതന്നെ കേരള പോലീസ് ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്. സ്റ്റുഡന്റ് കേഡറ്റ് പദ്ധതിക്കു പുറമേ, കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുക, സൈബർ ഇടങ്ങളിൽ സുരക്ഷ ഒരുക്കുക, കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമാണ്. ഇവയെല്ലാം ഇനി കേപ് ഏകോപിപ്പിക്കും. പോലീസ് ആസ്ഥാനത്തെ അഡ്മിനിസ്ട്രേഷൻ ഐ.ജി. പി.വിജയനാണ് പദ്ധതിയുടെ കോർഡിനേറ്റർ.

തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷനിലും കണ്ണൂരിലും ആഴ്ചതോറും ഡോക്ടർ എത്തി കുട്ടികളെ പരിശോധിക്കുന്ന ക്ലിനിക്കുകൾ ആരംഭിച്ചിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസ്, ഐ.എം.എ തുടങ്ങിയവയുടെ സഹകരണത്തോടെ മറ്റു ജില്ലകളിലും അവ നടപ്പാക്കുവാൻ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി.

ഓരോ പോലീസ് ജില്ലയിലും ശിശുസൗഹൃദ സ്റ്റേഷനായി തിരഞ്ഞെടുക്കുന്ന സ്റ്റേഷനുകളുടെ പട്ടിക ജില്ലാ പോലീസ് മേധാവിമാർ പോലീസ് ആസ്ഥാനത്ത് നൽകുന്നതിന് നിർദ്ദേശം നൽകി. ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ സംബന്ധിച്ച് പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ പോലീസ് ആസ്ഥാനത്തെ അഡ്മിനിസ്ട്രേഷൻ ഐജിക്ക് തപാലിലോ igpadmin.pol@kerala.gov.in എന്ന ഈമെയിൽ വിലാസത്തിലോ അയക്കണമെന്നും സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചു.

*********